എ.കെ.ജി. പഠന ഗവേഷണ കേന്ദ്രത്തിന് പതിച്ചുനൽകിയ ഭൂമി

56 (3143) ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് എ.കെ.ജി. പഠന ഗവേഷണ കേന്ദ്രത്തിന് വേണ്ടി എത്ര സെന്റ് സ്ഥലമാണ് പതിച്ചു നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതേ സർവ്വെ നമ്പരിൽ എപ്പോഴെങ്കിലും കൂടുതൽ സ്ഥലം പതിച്ചു നൽകുകയുണ്ടായോ;

(സി) ഇപ്പോൾ എ.കെ.ജി. പഠന ഗവേഷണ കേന്ദ്രത്തിന്റെതായി എത്ര സ്ഥലമാണ് റവന്യൂ റിക്കാർഡുകൾ പ്രകാരം ഉള്ളത്;

(ഡി) പതിച്ചുകൊടുത്തതിനേക്കാൾ കൂടുതൽ സ്ഥലം പഠനഗവേഷണ കേന്ദ്രത്തിന്റെ കൈവശം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഏതു വിധത്തിലാണ് കൂടുതൽ സ്ഥലം കൈവശപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ;

(എഫ്) റവന്യൂ റിക്കാർഡുകളിൽ ഈ സ്ഥലത്തിന്റെ ഉടമയായി രേഖപ്പെടുത്തിയിട്ടുള്ളത് ആരെയാണ്;

(ജി) ഈ സ്ഥലം ഉൾപ്പെടുന്ന പുതിയ സർവ്വേ നമ്പർ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജി.ഒ. (എം.എസ്) 1172/77/ ആർ.ഡി. തീയതി 20.8.1977 നമ്പർ സർക്കാർ ഉത്തരവിൻപ്രകാരം സെക്രട്ടറി, എ.കെ.ജി. മെമ്മോറിയൽ കമ്മിറ്റി, തിരുവനന്തപുരം എന്ന സംഘടനയ്ക്ക് വഞ്ചിയൂർ വില്ലേജിൽ സർവെ 2645-ൽപ്പെട്ട 34.408 സെന്റ് ഭൂമി പതിച്ചുനൽകിയിട്ടുണ്ട്.

(ബി) റവന്യൂ റിക്കാർഡുകൾ പ്രകാരം കൂടുതൽ സ്ഥലം പതിച്ചു നൽകിയിട്ടുള്ളതായി കാണുന്നില്ല.

(സി) റവന്യൂ റിക്കാർഡുകൾ പ്രകാരം 34.408 സെന്റ് സ്ഥലം മാത്രമാണുള്ളത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

(എഫ്) സെക്രട്ടറി, എ.കെ.ജി. മെമ്മോറിയൽ, തിരുവനന്തപുരം.

(ജി) റിസർവ്വേ പൂർത്തിയായിട്ടില്ല. പഴയ സർവ്വേ നമ്പർ 2645-ൽപ്പെട്ടതാകുന്നു.

ചെമ്മരുതി വില്ലേജിലെ കർഷകത്തൊഴിലാളി കുടുംബങ്ങളെ കുടിയിറക്കിയ സംഭവം

57 (3144) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991-ൽ ചിറയിൻകീഴ് താലൂക്കിലെ ചെമ്മരുതി വില്ലേജിൽ തോക്കാട് എന്ന സ്ഥലത്തുനിന്ന് അഞ്ച് കർഷക തൊഴിലാളി കുടുംബങ്ങളെ കുടിയിറക്കിയ വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പത്തുവർഷം മുതൽ അൻപതുവർഷംവരെ വസ്തുവിൽ സർക്കാർ നിർമ്മിച്ചുനൽകിയ വീട്ടിൽ താമസിച്ചുവന്നവരും കുടിയിറക്കിയതുമായ പ്രസ്തുത കുടുംബങ്ങൾക്ക് ഭൂമിയും വീടും നഷ്ടപരിഹാരവും നൽകണമെന്ന അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) അതിൻമേൽ സർക്കാർ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവർക്ക് നഷ്ടപരിഹാരം നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) 04 സെന്റ് ഭൂമി വീതം വിലക്ക് വാങ്ങികൊടുക്കുന്ന പദ്ധതിയിലുൾപ്പെടുത്തുന്നതിന് വേണ്ടി പഞ്ചായത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നഷ്ടപരിഹാരം നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

ന്യൂ ഫിഷർമെൻ കോളനിയിൽ താമസക്കാർക്ക് പട്ടയം നൽകാൻ നടപടി

58 (3145)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മുനിസിപ്പാലിറ്റിയിലെ ന്യൂഫിഷർമെൻ കോളനിയിൽ താമസിക്കുന്നവർക്ക് പട്ടയം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത കോളനി നിവാസികൾക്ക് പട്ടയം ലഭിക്കാൻ അടിയന്തിര നടപടിയെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇനി 40 പേർക്ക് പട്ടയം നൽകാൻ ബാക്കിയുണ്ട്. അപേക്ഷ ലഭിക്കാത്തതുകൊണ്ടാണ് പട്ടയം നൽകാൻ സാധിക്കാതിരുന്നത്.

(ബി) അപേക്ഷകൾ വാങ്ങി പട്ടയം നൽകുന്നതിന് അടിയന്തിര നടപടികൾ എടുത്തു വരുന്നുണ്ട്.

കരം സ്വീകരിക്കാൻ നടപടി

59 (3146) ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കടകമ്പള്ളി വില്ലേജിൽ സർവ്വേ 1445/എ-യിൽപ്പെട്ട (പട്ടയ നമ്പർ 17121) 8 സെന്റ് വസ്തുവിന്റെ കരം 1993-94 സാമ്പത്തികവർഷംവരെ ശ്രീ. അസ്ഗർ അലിഖാനിൽനിന്ന് സ്വീകരിച്ചുവെന്നും അതിനുശേഷം ഇദ്ദേഹത്തിൽനിന്ന് കരം വില്ലേജാഫീസർ സ്വീകരി

LIBRARY ARCHIVES Kerala Legislative Assembly